**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*65.** **05.02.2020 ൽ മറുപടിയ്ക്ക്**

**മദ്യ വർജ്ജന നയം**

| **ചോദ്യം** | | | **ഉത്തരം** |
|---|---|---|---|
| **ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ.പി.ഉബൈദുള്ള**<br>**പ്രൊഫ.ആബിദ് ഹുസ്സൈൻ തങ്ങൾ** | | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാന സർക്കാരിന്റെ മദ്യവർജ്ജന നയം സംസ്ഥാനത്തെ മദ്യ ഉപയോഗത്തിൽ എത്രമാത്രം കുറവ് വരുത്തിയിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച മദ്യവർജ്ജന നയം പ്രാവർത്തികമായ ശേഷം മദ്യ ഉപയോഗത്തിൽ മറ്റ് കാലഘട്ടങ്ങളുമായി താരതമ്യം ചെയ്ത് കുറവ് വന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2013 ജനുവരി മുതൽ 2016 ജൂൺ മാസം വരെയുള്ള അവസാന 42 മാസത്തെ മദ്യ വിൽപ്പനയും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള 2016 ജൂലൈ മുതൽ 2019 ഡിസംബർ വരെയുള്ള 42 മാസ കാലയളവിലെ മദ്യ വിൽപ്പനയും തമ്മിൽ താരതമ്യം ചെയ്തതിൽ വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 29.62 ലക്ഷം കെയ്സിന്റെയും ബിയറിൽ 3.57 ലക്ഷം കെയ്സിന്റെയും കുറവ് വന്നിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത നയം വിജയിപ്പിക്കാൻ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ 7500 ഗ്രന്ഥശാലകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികളും, ബോധവൽക്കരണ പ്രചരണ പരിപാടികളും, ഭവന സന്ദർശനവും, ലഹരിക്കെതിരെ ദീപം തെളിയിക്കൽ പോലുള്ള ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പരിപാടികളും സംഘടിപ്പിച്ചു വരുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിൽ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് ടി വകുപ്പുമായി ചേർന്ന് പ്രവർത്തനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ എല്ലാ സർവ്വകലാശാല യൂണിയനുകളുമായും, യുവജന സംഘടനകളുമായും, ട്രേഡ് യൂണിയനുകളുമായും സഹകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി അനുവദിച്ച ബിവറേജസ് ഔട്ട് ലെറ്റുകളുടെയും ബാറുകളുടെയും എണ്ണം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി ബിവറേജസ് ഔട്ട് ലെറ്റുകൾ ഒന്നും അനുവദിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ത്രീ സ്റ്റാറും അതിനു മുകളിലും ക്ലാസിഫിക്കേഷനുള്ള 169 സ്ഥാപനങ്ങൾക്ക് പുതിയതായി ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫസർ**